/85735/2024

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

DFTVM/2128/2021-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:12-02-2024
ഇ-മെയിൽ :fisheriesdirector@gmail.com

**സർക്കുലർ നമ്പർ 2/2024**

വിഷയം : സംഘങ്ങളുടെ രജിസ്ട്രേഷൻ, ബൈലാ ഭേദഗതി, ഉപനിബന്ധന എന്നിവ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

സൂചന : സഹകരണ സംഘം രജിസ്ട്രാറുടെ 37/87, 18/93, 24/2011, 8/15 നമ്പർ സർക്കുലറുകൾ.

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും സംഘങ്ങളുടെ , ബൈലാ ഭേദഗതി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അപേക്ഷകൾ വകുപ്പ് 7 (3) ലും ചട്ടം 9 ലും വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം 3 മാസത്തിനകം തീർപ്പാക്കണമെന്ന് 1969 ലെ കേരള സഹകരണ സംഘം നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി സമർപ്പിച്ചിരിക്കുന്ന അപേക്ഷകളും ബൈലാ ഭേദഗതികൾ രജിസ്റ്റർ ചെയ്യുന്നതിനു വേണ്ടി സമർപ്പിക്കുന്ന അപേക്ഷകളും തീർപ്പാക്കുന്നതിൽ ഫിഷറീസ് ജോയിന്റ് ഡയറക്ടർ / രജിസ്ട്രാർ ആഫീസുകളിൽ അകാരണവും അക്ഷന്തവ്യവുമായ കാലതാമസം ഉണ്ടായിക്കൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. രജിസ്ട്രേഷനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകളിലെ ന്യൂനതകളും പോരായ്മകളും ഒരു പരിധിവരെ കാലതാമസം ഉണ്ടാകുന്നതിന് ഇടയാകാമെങ്കിലും ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസുകളിലും ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആഫീസുകളിലും ഇക്കാര്യത്തിൽ കുറെക്കൂടി സമയനിഷ്ഠതയും വേഗതയും കാണിച്ചാൽ രജിസ്ട്രേഷനുള്ള അപേക്ഷകൾ ശീഘ്രഗതിയിൽ തീർപ്പാക്കാൻ കഴിയുന്നതാണ്. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1) സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നപോലെ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്നു മാസത്തിനുള്ളിൽ തന്നെ തീർപ്പാക്കാൻ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ (മേഖല രജിസ്ട്രാർമാർ) ശ്രദ്ധിക്കേണ്ടതാണ്.

2) ഒരു സംഘം രൂപീകരിക്കുന്നതിനോടനുബന്ധിച്ച് സമർപ്പിക്കുന്ന സംഘം ബൈലാ വിശദമായി പരിശോധിച്ച് 1969-ലെ സഹകരണ സംഘം നിയമത്തിനും ചട്ടത്തിലുമുള്ള വ്യവസ്ഥകൾ

/85735/2024

പ്രകാരമാണ് കരട് ബൈലാ തയ്യാറാക്കിയിട്ടുള്ളതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

3) സഹകരണ സംഘങ്ങളുടെ ബൈലകൾ ഭേദഗതി ചെയ്യുന്നതിനുള്ള അപേക്ഷകൾ അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി മൂന്നു മാസത്തിനകം ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ (മേഖല രജിസ്ട്രാർമാർ) തീർപ്പാക്കേണ്ടതാണ്.

4) സംഘം രജിസ്ട്രേഷനും, ബൈലാ ഭേദഗതിക്കുമുള്ള അപേക്ഷകൾ, സംഘത്തിൽ നിന്ന് ലഭിക്കുന്നവ ,ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ മാരുടെ വ്യക്തമായ ശുപാർശ സഹിതം , ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർക്ക് യഥാസമയം സമർപ്പിക്കേണ്ടതും , അവ കൈപ്പറ്റിയ തീയതി മുതൽ പരമാവധി രണ്ടാഴ്ചയ്ക്കുള്ളിൽ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാറുടെ വ്യക്തമായ റിപ്പോർട്ട്/ശുപാർശ സഹിതം ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആഫീസിലേക്ക് മേൽ നടപടിക്കായി അയച്ചു കൊടുക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആവശ്യമായ ശിക്ഷണ നടപടികൾ കൈക്കൊള്ളുകയോ ഈ ഓഫീസിലേക്ക് വിശദമായ വിവരങ്ങൾ സഹിതം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

5) രജിസ്ട്രേഷനുള്ള അപേക്ഷകൾ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ആഫീസിൽ ലഭിച്ചാൽ ഒരാഴ്ചയ്ക്കുള്ളിൽ ജോയിന്റ് രജിസ്ട്രാർ ആഫീസുകളിലെ, ബന്ധപ്പെട്ട ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാറുടെ ഉത്തരവാദിത്വത്തിൽ അവ സൂക്ഷ്മമായി പരിശോധിക്കപ്പെട്ട് വ്യക്തമായ അഭിപ്രായം കുറിപ്പ് ഫയലിൽ രേഖപ്പെടുത്തി ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ തീരുമാനത്തിനായി സമർപ്പിക്കേണ്ടതാണ്.

6) സംഘം സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ എന്തെങ്കിലും ന്യൂനതകളും പോരായ്മകളും ഉള്ളവയും പരിഹരിക്കപ്പെടാവുന്നതാണെന്നുകാണുകയാണെങ്കിൽ നിർദ്ദിഷ്ട സംഘത്തിന്റെ ചീഫ് പ്രൊമോട്ടർക്കോ അല്ലെങ്കിൽ സംഘം ഭാരവാഹികൾക്കോ നിശ്ചിത സമയപരിധിയ്ക്കകം അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും അവ യഥാസമയം സംഘം സമർപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

7) ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ, ഫിഷറീസ് കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ എന്നിവരുടെ ശുപാർശകളുടെയും പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് സംഘം രജിസ്റ്റർ ചെയ്യുന്നതും ഭേദഗതികൾ രജിസ്റ്റർ ചെയ്യുന്നതും. സംഘം സമർപ്പിക്കുന്ന കരട് ബൈലാ, കരട് ബൈലാ ഭേദഗതി, കരട് ഉപനിബന്ധന എന്നിവയിൽ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ, യൂണിറ്റ് ഇൻസ്പെക്ടർ എന്നിവർ ഓരോ പേജിലും ഒപ്പിടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഒഴിവാക്കേണ്ടതും, സംഘം നൽകുന്ന കരട് ബൈലാ, കരട് ബൈലാ ഭേദഗതി, കരട് ഉപനിബന്ധന എന്നിവ വ്യക്തമായി യൂണിറ്റ് ഇൻ സ്പെക്ടർ / ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ എന്നിവർ പരിശോധിക്കേണ്ടതും ശുപാർശ പ്രത്യേകം കത്തായി സമർപ്പിക്കേണ്ടതുമാണ്.

8) സർക്കിൾ സഹകരണ യൂണിയന്റെയും ധനകാര്യ ബാങ്കിന്റെയും അഭിപ്രായത്തിനായി അയച്ചു കൊടുക്കുന്നതിൽ തന്നെ വളരെയധികം കാലതാമസം ഉണ്ടാകുന്നതായും കണ്ടെത്തിയിട്ടുണ്ട്. സർക്കിൾ സഹകരണ യൂണിയനും ധനകാര്യ ബാങ്കിനും അയച്ചു കൊടുക്കുന്ന ഭേദഗതി

നിർദ്ദേശത്തിന്മേൽ അഭിപ്രായം ഒരു നിശ്ചിത സമയത്തിനകം നൽകണമെന്ന് നിർദ്ദേശിക്കുകയും ടി കാലയളവിനുള്ളിൽ അഭിപ്രായം ലഭിക്കാതെ വന്നാൽ ഭേദഗതി രജിസ്റ്റർ ചെയ്യുന്നതിന് എതിരഭിപ്രായമില്ല എന്ന നിഗമനത്തിൽ രജിസ്റ്റർ ചെയ്യുന്നതാണെന്നും അറിയിക്കേണ്ടതാണ്. ടി നിശ്ചിത പരിധി യാതൊരു കാരണവശാലും 2 മാസത്തിൽ അധികരിക്കാൻ പാട്ടുള്ളതല്ല. ടി 2 മാസത്തിനകം സർക്കിൾ സഹകരണ യൂണിയന്റെയും ധനകാര്യ ബാങ്കിന്റെയും അഭിപ്രായം ലഭിക്കുന്നില്ല എങ്കിൽ ഇക്കാര്യത്തിൽ മേൽ സ്ഥാപനങ്ങൾക്ക് എതിരഭിപ്രായമില്ല എന്ന നിഗമനത്തിൽ, ഭേദഗതി നിയമാനുസൃതമാണെങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

9) ഫിഷറീസ് ജോയിന്റ് ഡയറക്ടർ അംഗീകരിച്ച് നൽകുന്ന നിയമാവലി ഭേദഗതികളിൽ ധാരാളം തിരുത്തലുകൾ ഉള്ളതായും, മഷികൊണ്ട് തിരുത്തി എഴുതിയിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ ഭേദഗതിയുടെ നിജസ്ഥിതിയെപ്പറ്റി ഭാവിയിൽ സംശയമുണ്ടാകുമെന്നതിനാൽ ഭേദഗതികൾ തിരുത്തലുകൾ ഇല്ലായെന്ന് ഉറപ്പാക്കി ടൈപ്പ് ചെയ്ത് മാത്രമേ നൽകുകയുള്ളൂ എന്ന് ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ ഉറപ്പാക്കേണ്ടതാണ്.

10) സംഘം രൂപീകരണത്തോടൊപ്പം അംഗീകരിച്ച് നൽകുന്ന രജിസ്റ്റേഡ് ബൈലയിൽ സ്വർണ്ണപ്പണയ വായ്പ ഉൾപ്പെടുത്താൻ പാടില്ല. സംഘം പ്രവർത്തനം ആരംഭിച്ച് കുറഞ്ഞത് 1 വർഷം എങ്കിലും കഴിഞ്ഞ് സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുകയും, സംഘത്തിന്റെ സുരക്ഷിതത്വം, സ്ട്രോംഗ് റൂം, ലോക്കർ സംവിധാനം, ഇൻഷ്വറൻസ് പരിരക്ഷ, സെക്യൂരിറ്റി സംവിധാനം അപ്രൈസ്സറുടെ സേവനം, ക്യാമറ എന്നിവ ഉറപ്പാക്കി ബോധ്യപ്പെട്ട് മാത്രമെ ബൈലയിൽ വ്യവസ്ഥ കൊള്ളിക്കാവൂ എന്നും അപ്രകാരം വ്യവസ്ഥയ്ക്കനുസൃതമായി സ്വർണ്ണപ്പണയ വായ്പാ ഉപനിബന്ധനകൾ അംഗീകരിച്ചതിനു ശേഷമേ ഇടപാടുകൾ നടത്താൻ അനുമതി നൽകാവൂ.

ABDUL NASAR.B IAS
DIRECTOR OF FISHERIES

ഫിഷറീസ് ഡയറക്ടർ